
അക്കാദമിക മാസ്റ്റർ പ്ലാൻ
IRIVERI WEST LP SCHOOL
ഇരിവേരി വെസ്റ്റ് എൽ.പി സ്കൂൾ.

# പഴയ കെട്ടിടം



# പുതിയ കെട്ടിടം



# ആമുഖം

വിദ്യാലയ വികസനം എന്നത് ക്ലാസ് മുറി ഭൗതിക സാഹചര്യങ്ങൾ സഹായ ഘടകങ്ങൾ സമൂഹം തുടങ്ങി വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ദീർഘകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണിത്.

1932 ൽ സ്ഥാപിതമായ ഇരിവേരി വെസ്റ്റ് എൽ പി സ്കൂൾ പിന്നാക്ക വിഭാഗമായ മുസ്ലിം ജനവിഭാഗത്തിൻെറ വിദ്യാഭ്യാസത്തിനായി ഓടി അഹമ്മദ് കുട്ടി മാസ്റ്ററാണ് സ്ഥാപിച്ചത്.കാവുങ്കൽ പറമ്പിൽ സ്ഥിതി ചെയ്യുന്നതിനാൽ കാവുങ്കൽ സ്കൂൾ എന്ന അപരനാമത്തിലും ഈ വിദ്യാലയം അറിയപ്പെടുന്നുണ്ട്.വിദ്യാലയത്തിലെ നാളിതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ 92% പഠിതാക്കളും പിന്നാക്ക വിഭാഗമായ മുസ്ലിം ജനവിഭാഗമാണ്. മുസ്ലിം കലണ്ടർ അനുസരിച്ച് പ്രവർത്തിച്ച് വരുന്ന ഈ വിദ്യാലയം 20-08-2009 മുതൽ ജനറൽ കലണ്ടർ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. പ്രീ പ്രൈമറി വിഭാഗം ഉൾപ്പെടെ നൂറോളം കുട്ടികൾ ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട് പ്രീ പ്രൈമറി വിഭാഗം ഉൾപ്പെടെ ഏഴ് അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. പിന്നാക്ക വിഭാഗമായ മുസ്ലിം ജനവിഭാഗത്തിന് വിദ്യാഭ്യാസത്തിനായി ഓടി അഹമ്മദ് കുട്ടി മാസ്റ്റർ വിദ്യാലയ സ്ഥാപിക്കുമ്പോൾ ആയില്യത്ത് കുറ്റ്യേരി തറവാട്ടുകാരാണ് സ്ഥലം അനുവദിച്ചത്. പാവങ്ങളുടെ പടത്തലവനായ എകെജിയുടെ തറവാടാണ് ആയില്യത്ത് കുറ്റ്യേരി.1970-ൽ ഈ വിദ്യാലയം ഇരിവേരി മഹല്ല് കമ്മിറ്റി (ഹിദായത്തുൽ ഇസ്ലാം സഭ )ഏറ്റെടുത്തു .1983 മുതൽ പോസ്റ്റ് KER ബിൽഡിങ് ലേക്ക് മാറി വിദ്യാലയം പ്രവർത്തിച്ചുവരുന്നു ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ മാനേജർ ശ്രീ സലീം കെ വി ആണ്

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ വളരെ ചിട്ടയായി നടത്തിവരുന്ന ഒരു വിദ്യാലയമാണിത്.ഒരോ ടേമിലും തീർക്കേണ്ട പാഠഭാഗങ്ങൾ അതാത് സമയത്ത് തന്നെ പഠിപ്പിച്ച് തീർക്കുകയും നിരന്തര മൂല്യനിർണയവും ടേം മൂല്യനിർണയവും യഥാസമയങ്ങളിൽ നടത്തി ഗ്രേഡ് ചെയ്ത് പഠന പുരോഗതി രേഖ രക്ഷിതാക്കളിൽ എത്തിക്കുകയും എല്ലാ മാസവും ക്ലാസ് പിടിഎ വിളിച്ചുചേർത്ത് കുട്ടികളുടെ പഠന പുരോഗതി ചർച്ച ചെയ്യുകയും ഇനി ഓരോ കുട്ടിയും ഏതൊക്കെ മേഖലയിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ രക്ഷിതാക്കളെ നിരന്തരം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ആഴ്ചയിൽ ഒരു ദിവസം എസ് ആർ ജി വിളിച്ച് ചേർക്കുകയും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ അവലോകനവും ആസൂത്രണവും നടത്താറുണ്ട്. ആഴ്ചയിൽ രണ്ട് ദിവസം (തിങ്കൾ ,വ്യാഴം) ദിവസങ്ങളിൽ അസംബ്ലി ചേരാറുണ്ട്. ബുധനാഴ്ച ഒഴികെ എല്ലാ ദിവസവും സ്കൂളിൽ യൂണിഫോം നിർബന്ധമാണ് .ഭാരത് സ്കൗട്ട്& ഗൈഡ്സിൻെറ ഭാഗമായുള്ള കബ് യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ദേശീയദിനാഘോഷങ്ങളും മറ്റു ദിനാചരണങ്ങളും വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളും മത്സര പരിപാടികളും വായന പരിപോഷിപ്പിക്കുന്നതിനായി ഉള്ള വിവിധ പ്രവർത്തനങ്ങളും

ഓണം ക്രിസ്തുമസ് പെരുന്നാൾ തുടങ്ങിയ വിവിധ ആഘോഷങ്ങളും കുട്ടികളും രക്ഷിതാക്കളും ചേർന്ന് സദ്യ ഒരുക്കിയും കേക്ക് മുറിച്ച് മൈലാഞ്ചി ഇട്ടും ആഘോഷിക്കാറുണ്ട്.

കുട്ടികളുടെ ജന്മദിനത്തിൽ സ്കൂളിലെ കുട്ടികൾക്ക് പായസ വിതരണം നടത്തിയും സ്കൂളിലേക്ക് ലൈബ്രറിയിൽ പുസ്തകങ്ങൾ നൽകിയും മധുര പലഹാരങ്ങൾ നൽകിയും ആഘോഷിക്കാറുണ്ട് .എല്ലാ വർഷവും ഓരോ ക്ലാസിലും പഠനത്തിൽ മികച്ച് നിൽക്കുന്ന കുട്ടികൾക്ക് മുൻ അധ്യാപിക പത്മജ ടീച്ചർ ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് നൽകാറുണ്ട്.

നമ്മുടെ വിദ്യാലയത്തിൽ എല്ലാ വർഷവും എൽ എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കുഞ്ഞുങ്ങൾക്ക് കഴിയുന്നുണ്ട് .തുടക്കത്തിൽ രണ്ട് കുട്ടികൾക്കാണ് എൽഎസ്എസ് കരസ്ഥമാക്കാൻ കഴിഞ്ഞതെങ്കിലും തുടർന്ന് വരുന്ന വർഷങ്ങളിൽ അത് ഇരട്ടി എന്ന് നിരക്കിൽ വർദ്ധിച്ച് വരുന്നുണ്ട്. അധ്യാപകരോടൊപ്പം രക്ഷിതാക്കളുടെയും അകമഴിഞ്ഞ സഹകരണം ഈ പ്രവർത്തനങ്ങളിൽ ലഭിക്കുന്നുണ്ട് .എല്ലാ വർഷവും എൽഎസ്എസ് കരസ്ഥമാക്കുന്ന കുഞ്ഞുങ്ങൾക്ക് പൂർവ്വവിദ്യാർത്ഥികളുടെ വകയും മാനേജ്മെന്റ് വകയും നിരവധി പുരസ്കാരങ്ങൾ നൽകാറുണ്ട്.

രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ഓരോ വർഷവും വളരെ വിപുലമായ രീതിയിൽ തന്നെ സ്കൂൾ വാർഷികം ആഘോഷിക്കാറുണ്ട് .സബ്ജില്ലാ തലത്തിൽ നടക്കുന്ന വിവിധ മത്സരങ്ങളിലും കലാകായിക പ്രവൃത്തി പരിചയം, ക്വിസ് മത്സരങ്ങൾ എന്നിവയിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കുകയും ചെയ്യാറുണ്ട്.

# ഇരിവേരി വെസ്റ്റ് എൽ.പി സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഇരിവേരി വെസ്റ്റ് എൽ.പി സ്കൂൾ |
| വിലാസം | : ഇരിവേരി,ഇരിവേരി.പി.ഒ,പിൻ 670613 കണ്ണൂർ |
| ഫോൺ നമ്പർ | :04972854635 |
| സ്കൂൾ കോഡ് | : 13311 |
| വിദ്യാഭ്യാസ ഉപജില്ല | :കണ്ണൂർ നോർത്ത് |
| വിദ്യാഭ്യാസ ജില്ല | : കണ്ണൂർ |
| റവന്യൂ ജില്ല | :കണ്ണൂർ |
| പഞ്ചായത്ത് | :ചെമ്പിലോട് ഗ്രാമപഞ്ചായത്ത് |
| വാർഡ് നമ്പർ | : 10 |
| ബി ആർ സി | : കണ്ണൂർ നോർത്ത് |
| സി ആർ സി | :ചെമ്പിലോട് |
| Email ID | : iriveriwestlps@gmail.com |
| ആകെ അധ്യാപകരുടെ എണ്ണം | : 5 |
| ഹെഡ്മിസ്ട്രസിന്റെ പേര് | :ലിജ.പി |
| ഹെഡ്മിസ്ട്രസിന്റെ ഫോൺ നമ്പർ | :9895860593 |
| പി ടി എ പ്രസിഡന്റിന്റെ പേര് | :ഷഫീക്ക് കെ |
| പി ടി എ പ്രസിഡന്റിന്റെ ഫോൺ നമ്പർ | :9995139687 |
| എം പി ടി എ പ്രസിഡന്റിന്റെ പേര് | :അഷ്ലീന കെ പി |
| എം പി ടി എ പ്രസിഡന്റിന്റെ ഫോൺനമ്പർ | : 9947574802 |
| സ്റ്റാഫ് സെക്രട്ടറിയുടെ പേര് | :സലീം. കെ വി |
| സ്റ്റാഫ് സെക്രട്ടറിയുടെ ഫോൺ നമ്പർ | :9986446484 |
| വാർഡ് മെമ്പറുടെ പേര് | :ലിഷ ഡി |
| വാർഡ് മെമ്പറുടെ ഫോൺ നമ്പർ | :6235615072 |

## നിലവിലെ അവസ്ഥ

ഈ വിദ്യാലയത്തിൽ ഇപ്പോൾ പ്രീപ്രൈമറി ഉൾപ്പെടെ ഒന്ന് മുതൽ നാലു വരെ ക്ലാസുകളിലായി നൂറിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. പ്രീപ്രൈമറി ഉൾപ്പെടെ ഏഴ് അധ്യാപകർ ഇവിടെയുണ്ട് .സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിത് കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് ഇനിയും കുറച്ച് പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. സ്കൂളിന്റെ ചുറ്റമതിൽ,ക്ലാസ് മുറികളുടെ മോടി കൂട്ടൽ, തുടങ്ങി ചില പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ 4 ക്ലാസ് മുറിയും ഒരു ഓഫീസ് റൂമുമാണ് ഉള്ളത്.2023 ജൂൺ മുതൽ പുതിയ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ച് വരുന്നത്.

വളരെ നല്ലരീതിയിൽ പ്രവർത്തിച്ച് വരുന്ന സൗകര്യപ്രദമായ ഒരു അടുക്കള,കിണർ എന്നിവയും നമ്മുടെ വിദ്യാലയത്തിനുണ്ട് .കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ശുചിമുറി യും ടോയ്ലറ്റും നിലവിലുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ തരത്തിൽ ബെഞ്ചുകളും ഡസ്കുകളും ഉണ്ട് .രക്ഷിതാക്കളുടെ പരിപൂർണ്ണ സഹകരണം സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ലഭിക്കുന്നുണ്ടെങ്കിലും സാമൂഹികമായ ഇടപെടലുകൾ കുറവാണ്.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഉള്ള അനുബന്ധ സംവിധാനങ്ങൾ -നിലവിലെ അവസ്ഥ

ആഴ്ചയിൽ എസ് ആർ ജി നിർബന്ധമായും ചേരുന്നുണ്ട് .പഠന പഠനേതര പ്രവർത്തനങ്ങൾ എല്ലാം ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നുണ്ട് .അധ്യാപകരുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവരുന്നുണ്ട് . അതുകൊണ്ടുതന്നെ അക്കാദമിക പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്.

ജൂൺമാസം ആരംഭത്തിൽതന്നെ ജനറൽബോഡി ചേർന്ന് പിടിഎ ഭാരവാഹികളെ തെരഞ്ഞെടുക്കാറുണ്ട്. തുടർന്ന് വർഷാവസാനം വരെ എല്ലാ പ്രവർത്തനങ്ങളിലും പിടിഎയുടെ സഹകരണം ഉണ്ടാവാറുണ്ട്. സ്കൂളുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും അതാത് സന്ദർഭങ്ങളിൽ പിടിഎ ചേർന്ന് എടുക്കാറുണ്ട്.അത് പോലെ തന്നെ എല്ലാ പ്രവർത്തനങ്ങളിലും എം പി ടി എ യുടെ സഹകരണം ഉണ്ടാവാറുണ്ട്.കുട്ടികളുടെ പഠന പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും ആഘോഷവേളകളിലും അമ്മമാരുടെ സഹകരണം ഉണ്ടാവാറുണ്ട്. മാസംതോറും എം പി ടി എ യോഗം ചേരാറുണ്ട്

വിദ്യാലയത്തിൽ ശാസ്ത്രക്ലബ്ബ് ഹെൽത്ത് ക്ലബ് സയൻസ് ക്ലബ്ബ് വിദ്യാരംഗം കലാ സാഹിത്യ വേദി ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് ഇന്റെ ഭാഗമായുള്ള കബ് യൂണിറ്റ് ഗ്രീൻ ടീസ് ക്ലബ് എന്നിവ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികളുടെ വായനാശേഷി വളർത്തുന്നതിനു ആയിരത്തിൽപരം പുസ്തകങ്ങളുടെ ശേഖരം നമ്മുടെ വിദ്യാലയത്തിനുണ്ട് .ഓരോ ക്ലാസ് മുറിയിലും വായനാമൂല ഒരുക്കിയിട്ടുണ്ട്.വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറി പ്രദർശനവും അമ്മ വായനയും സംഘടിപ്പിക്കാറുണ്ട്. രക്ഷിതാക്കൾക്ക് കൂടി പുസ്തകങ്ങൾ ലഭ്യമാകുന്ന രീതിയിൽപുസ്തക വിതരണം നടത്താറുണ്ട്.

സ്കൂൾ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2016-2017 | 87 |
| 2017-18 | 92 |
| 2018-2019 | 81 |
| 2019-2020 | 83 |
| 2020-2021 | 90 |
| 2021-2022 | 95 |
| 2022-2023 | 86 |
| 2023-2024 | 80 |
| 2024-2025 | 80 |
| 2025-2026 | 78 |

2024-25 അക്കാദമിക വർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 80 കുട്ടികളാണ് പഠിക്കുന്നത്. ക്ലാസ്സ് തരം തിരിച്ചുള്ള കുട്ടികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ആണ് | പെണ്ണ് |
|---|---|---|---|
| I | 19 | 13 | 6 |
| II | 19 | 11 | 8 |
| III | 22 | 11 | 11 |
| IV | 20 | 10 | 10 |
| ആകെ | 80 | 45 | 35 |

2025-26

| ക്ലാസ് | കുട്ടികളുടെ എണ്ണം | ആൺ | പെണ്ണ് |
|---|---|---|---|
| I | 19 | 9 | 10 |
| II | 18 | 12 | 6 |
| III | 21 | 13 | 8 |
| IV | 20 | 9 | 11 |
| ആകെ | 78 | 43 | 35 |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവുറപ്പുവരുത്തുക.

3 ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

4 വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും

5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6.ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകും.

7. ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കും

8. കൃഷി സംസ്കാരം കുട്ടികളിൽ വളർത്തുന്നതിന് ആവശ്യമ പരിശീലനം നൽകുന്നതിനായി പച്ചക്കറി കൃഷി ആരംഭിക്കും

9. വിദ്യാലയം ഹൈടെക് ആക്കി മാറ്റുക

## മാതൃകാ പദ്ധതി

**ഉദ്ദേശങ്ങൾ**

1. ഓരോ ക്ലാസിലും വിവിധവിഷയങ്ങളിൽ കുട്ടികൾ നേടേണ്ട ശേഷികൾ കൈവരിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിന്.
2 പ്രത്യേക പരിഗണനയും ശ്രദ്ധയും കുട്ടികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിന്.
3 എസ് ആർ ജി കാര്യക്ഷമമാക്കുന്നതിന്
4 തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്

# ആക്ഷൻ പ്ലാൻ

## ഭാഷ

ഭാഷ മനുഷ്യനെ മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കിത്തീർക്കുന്ന ഒരു സവിശേഷപ്രതിഭാസമാണ്. മനസ്സ്, ചിന്ത, ഭാവന, പ്രകൃതിവസ്തുക്കൾ, സംസ്കാരം, ബോധമണ്ഡലം, ആശയവിനിമയം എന്നിങ്ങനെ ജീവിതം പൂർണ്ണമായിത്തന്നെ ഭാഷയുടെ ആവിഷ്കാരമണ്ഡലത്തിൻ കീഴിലാണ് സാർത്ഥകമായിത്തീരുന്നത്. മനുഷ്യനെ തമ്മിൽ പ്രാഥമികമായി വേർതിരിക്കുന്ന മാനവികതയുടെ ആന്തരിക സവിശേഷതയാണ് ഭാഷ എന്നതും ശ്രദ്ധേയമാണ്. 'സംസാരിക്കുന്ന ജീവി' എന്ന നിലയിൽ മനുഷ്യൻ മനുഷ്യനായി തന്നെ കരുതപ്പെടുന്നുവാണ്. അതുകൊണ്ട് മാതൃഭാഷയിൽ മികച്ച നൈപുണി നേടാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രീ പ്രൈമറി ക്ലാസുകളിൽ നിന്ന് തന്നെ അക്ഷരങ്ങൾ സ്വായത്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാവണം. എഴുത്ത്, വായന എന്നിവയിൽ അക്ഷരത്തെറ്റുകളും അക്ഷരസ്ഫുടതയും ഉച്ചാരണശുദ്ധിയും വേണം.

| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ വികസിക്കേണ്ട ഭാഷാശേഷികൾ യഥാസമയം വികസിപ്പിക്കൽ | കഥ, കവിത, നാടൻപാട്ടുകൾ തുടങ്ങിയ കേൾക്കുവാനും ആസ്വദിക്കുവാനും സ്വന്തമായി കഥകളും കവിതകളും എഴുതൽ, അഭിനയിച്ച് നാടകൽ, സർഗ ശേഷി വികാസം | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ | പി ടി എ |
| 2 | പഠനോപകരണ നിർമ്മാണ ശില്പശാല - സാഹിത്യ പാഠപുസ്തകം<br>സംയുക്ത ഡയറി | പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും ശേഖരിക്കുന്നതിനും അതോടൊപ്പം തന്നെ കുട്ടികളുടെ നിർമ്മാണ വൈഭവ് സർഗ്ഗശേഷി എന്നിവ വികസിപ്പിക്കുന്നതിനും യൂണിറ്റ് അടിസ്ഥാനത്തിൽ വർഷാവസാനത്തിൽ പഠനോപകരണ പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപകർ,രക്ഷിതാക്കൾ | SSA |
| 3 | അക്ഷരങ്ങൾ ശരിയായ രീതിയിൽ എഴുതാനും അക്ഷര സ്ഫുടതയോടെ വായിക്കുവാനും സാധ്യമാക്കൽ | അക്ഷരമെഴുതാനും, അക്ഷരം ഉറപ്പിക്കൽ, ചിഹ്നം - അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ, വാക്കുകൾ എഴുതിയ കാർഡുകൾ കൊണ്ട് അർത്ഥപൂർണമായ വാക്യങ്ങൾ ഉണ്ടാക്കൽ, ചിഹ്നങ്ങൾ ചേർക്കാൻ ആഭരണമണിയിക്കൽ | 2 മാസം | അധ്യാപകർ, രക്ഷിതാക്കൾ | അധ്യാപകർ |
| 4 | മികച്ച വായനക്കാരാക്കൽ | ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ, കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ, പത്രവായന പ്രോത്സാഹിപ്പിക്കൽ, പത്രവായന ക്വിസ്, വായന കുറിപ്പ് മത്സരം, പുസ്തക ചർച്ച, സംവാദം | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ | പി ടി എ, പൂർവ വിദ്യാർത്ഥി സംഘടന |
| 5 | എഴുത്ത് കൂട്ടം | കഥ പൂർത്തിയാക്കൽ, | 1 വർഷം | അധ്യാപകർ, | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | കയ്യെഴുത്ത് മാസിക, ഇൻലന്റ് മാസിക, ചുമർ പത്രിക, പതിപ്പുകൾ, സ്വതന്ത്രമായ പുസ്തകാസ്വാദന കുറിപ്പ് ഇവ തയ്യാറാക്കൽ | | രക്ഷിതാക്കൾ. | |
| 6 | പ്രഭാഷണ കലയിൽ പ്രാവീണ്യം ഉണ്ടാക്കൽ | ബാലസഭ സംഘടിപ്പിക്കൽ, മികച്ച പ്രഭാഷണങ്ങൾ കേൾക്കാൻ അവസരം നൽകൽ, പ്രഭാഷകൻമാരുമായും സാഹിത്യകാരന്മാരുമായി സംവദിക്കാൻ അവസരം ഒരുക്കൽ. അഭിമുഖം നടത്തൽ | 2 വർഷം | അധ്യാപകർ, രക്ഷിതാക്കൾ. | പി ടി എ. |
| 7 | സർഗശേഷി വികസിപ്പിക്കൽ | കഥ, കവിത, ചിത്രരചന, അഭിനയം, പ്രഭാഷണ പാടവം, പാടാനുള്ള കഴിവ് ഇങ്ങനെയുള്ള സർഗ്ഗ ശേഷികൾ വികസിപ്പിക്കാൻ ആഴ്ചയിൽ ബാലസഭ ചേരുക, അസംബ്ലിയിൽ മികച്ച രചനകൾ അവതരിപ്പിക്കാൻ അവസരം നൽകൽ, പൊതുവേദിയിൽ വെച്ച് പ്രോത്സാഹനം നൽകൽ. | 2 വർഷം | അധ്യാപകർ, രക്ഷിതാക്കൾ. | പി ടി എ. |
| 8 | വിലയന പഠനോപകരണങ്ങൾ | ഭാഷയിൽ കുട്ടികൾ ആർജിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ക്രോഡീകരണം പോർട്ട്ഫോളിയോ ആയി സൂക്ഷിക്കൽ. ഇതിലൂടെ സ്വന്തമായി തെറ്റുകൾ കണ്ടെത്താനും പരിഹരിക്കാനും കഴിയും. | 4 വർഷം | അധ്യാപകർ | |
| 9 | പ്രതിഭ, തിലകം | ഭാഷയിൽ എല്ലാ മേഖലകളിലും കഴിവ് തെളിയിക്കുന്ന കുട്ടികളെ പ്രതിഭ പട്ടവും തിലക പട്ടവും നൽകി ആദരിക്കൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 10 | ലൈബ്രറി പ്രവർത്തനം,വായന കാർഡ് വിതരണം | വായന പരിപോഷിപ്പിക്കുന്നതിന് വായന കാർഡ് നിർമ്മാണം ലൈബ്രറി പുസ്തക വിതരണം പഠന പ്രവർത്തനത്തോടൊപ്പം വായന കൂടി പ്രയോജനപ്പെടുത്തൽ | അധ്യയന വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ |
| 11 | ദിനാചരണങ്ങൾ,ക്ലബ്ബ് പ്രവർത്തനങ്ങൾ | വിവിധ ദിനാചരണങ്ങൾ എ കുറിച്ച് അറിയുന്നതിന് ആഘോഷിക്കുന്നതിൽ | അതത് മാസങ്ങളിൽ | കുട്ടികൾ | അധ്യാപകർ |
| 12 | വായന ചങ്ങാത്തം | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | അധ്യയന വർഷം | അധ്യാപകർ | അധ്യാപകർ, പി.ടി.എ |

# പരിസര പഠനം

അനുദിനം മാറിവരുന്ന തലങ്ങളിൽ അധിഷ്ഠിതമാണ് പരിസരപഠനം. വിവര സാങ്കേതിക വിദ്യ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തേണ്ട ഒരു മേഖല ശാസ്ത്ര പഠനമാണ്. അധ്യാപകരും രക്ഷിതാക്കളും ഇപ്പോഴും പുതിയ ആശയങ്ങൾ പകർന്ന നൽകിയില്ലെങ്കിൽ പിന്നിൽ പോകുന്ന മേഖലയാണിത്. ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷനും സ്മാർട്ട് ക്ലാസ് റൂമും ഏറ്റവും കൂടുതൽ അനിവാര്യമായതിനാൽ അതിനുള്ള പ്രവർത്തനങ്ങൾ ചെയ്യും.

| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നിരീക്ഷണം | പരിസര നിരീക്ഷണം ഏറ്റവും അനിവാര്യമാണ്. സൂക്ഷ്മ നിരീക്ഷണത്തിലൂടെ വസ്തുതകൾ കണ്ടെത്തി വ്യഖ്യാനിക്കാനും പ്രകൃതിയെ അടുത്തറിയാനും ആവശ്യമായ പ്രവർത്തനങ്ങൾ പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ്, പക്ഷി നിരീക്ഷണം, നാടറിയാം, തോടറിയാം, കൃഷിയിട സന്ദർശനം വാന നിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 2 | പരീക്ഷണം | ലഘു പരീക്ഷണങ്ങൾ<br>മണ്ണ് അറിയാം<br>വിത്തറിയാം<br>മഴ അറിയാം<br>വായു അറിയാം ജൈവ വൈവിധ്യങ്ങൾ കണ്ടെത്തൽ. വിവിധ ജീവികളുടെ ആവാസവ്യവസ്ഥ പരിചയപ്പെടൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 3 | കൊച്ചു ഗവേഷകർ | പരിസരപഠനവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ അവയുടെ കാരണം പരിഹാര പ്രവർത്തനങ്ങൾ ഇവ പ്രോജക്ട് ചെയ്യൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 4 | നിർമാണം | ജൈവവൈവിധ്യപാർക്ക് സ്ഥാപിക്കൽ, വിവിധ ജീവികളുടെ ആവാസവ്യവസ്ഥ നേരിൽ കണ്ടു പഠിക്കൽ, പാഴ്വസ്തുക്കൾ കൊണ്ട് അലങ്കാര വസ്തുക്കൾ ഉണ്ടാക്കൽ. | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 5 | വളരുന്ന പാഠപുസ്തകം | പരിസരപഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകം എല്ലാ വർഷവും വളരുന്ന പാഠപുസ്തകം എന്ന രീതിയിൽ ബൈൻഡ് ചെയ്തു സൂക്ഷിക്കൽ | 4 വർഷം | അധ്യാപകർ | അധ്യാപകർ |
| 6 | ഇന്നലെ ഇന്ന് നാളെ | ശാസ്ത്രത്തിന്റെ മുന്നേറ്റം , ഇന്നലെകളിലെ സ്ഥിതി ഇന്നത്തെ അവസ്ഥ നാളെ യുടെ കണ്ടെത്തൽ ഇവ സ്മാർട്ട് ക്ലാസ് മുറികളിൽ കൂടി നേരിൽ കണ്ട് ബോധ്യപ്പെടൽ. അതിലൂടെ അറിവ് നിർമ്മിക്കപ്പെടുന്ന ഒരിടമാവും ക്ലാസ് മുറികൾ | 1 വർഷം | അധ്യാപകർ | എം. പി, എം എൽ എ, സന്നദ്ധ സംഘടന |
| 7 | കൊച്ചു ശാസ്ത്രജ്ഞർ | കുട്ടികളുടെതായ തലത്തിൽ മെച്ചപ്പെട്ട കണ്ടുപിടുത്തം നടത്തുന്ന കുട്ടികളെ വർഷാവസാനം കൊച്ചു ശാസ്ത്രജ്ഞ പദവി നൽകി ആദരിക്കൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |

# ഗണിതം

ഗണിതമാണ് എല്ലാ വിഷയങ്ങളുടെയും മാതാവ്. നിത്യ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത വിഷയമാണ് ഗണിതം. എന്നാൽ ഗണിതം ഇന്നും ഭയപ്പെടുത്തുന്ന ഒരു വിഷയമായി മാറുകയാണ്. കുട്ടികളും രക്ഷിതാക്കളും ഗണിതത്തെ ഭയത്തോടെയാണ് കാണുന്നത്. ഗണിത പഠനം അനായാസകരമാക്കാൻ ഗണിതപ്പേടി മാറ്റേണ്ടിയിരിക്കുന്നു. ഗണിതം അനായാസകരമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് ഗണിത നൈപുണി നേടാൻ കുട്ടികളെ പ്രാപ്തരാക്കും.

| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ അഭിരുചി വളർത്തൽ, ഗണിതപ്പേടി മാറ്റൽ, ഗണിത പിന്നോക്കാവസ്ഥ മാറ്റൽ | ഗണിത ശാസ്ത്രജ്ഞന്മാരുടെ വീഡിയോകൾ, ഗണിത കഥകൾ, മനക്കണക്കുകൾ, കുസൃതി കണക്കുകൾ ഇവ പരിചയപ്പെടുത്തൽ, രക്ഷിതാക്കൾക്ക് ബോധവൽക്കരണം നല്കൽ. | 2 മാസം | അധ്യാപകർ പി ടി എ | പി ടി എ |
| 2 | സംഖ്യാബോധം ഉറപ്പിക്കൽ | രണ്ടക്ക സംഖ്യകളുടെ വ്യവഹാരങ്ങൾ ഒന്നാം ക്ലാസിലും മൂന്നക്ക സംഖ്യകൾ രണ്ടാം ക്ലാസിലും നാലക്ക സംഖ്യകൾ മൂന്നാം ക്ലാസിലും അതിൽ ഉയർന്ന സംഖ്യകൾ നാലാം ക്ലാസ്സിലും ചതുഷ്ക്രിയകൾ പൂർണമായും വ്യക്തമായും തെറ്റ് കൂടാതെ പൂർത്തിയാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു, രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു. | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ | പി. ടി എ |
| 3 | സ്ഥാനവില ഉറപ്പിക്കൽ | ചതുഷ്ക്രിയകൾ ചെയ്യുമ്പോൾ ഏറ്റവും പ്രയാസം നേരിടുന്ന ഒന്നാണ് സ്ഥാനവില. ക്രിയ ചെയ്യുമ്പോൾ തെറ്റ് വരുത്തുന്നതിൽ സ്ഥാനവില തെറ്റുന്നത് ഒരു വലിയ പങ്ക് വഹിക്കുന്നു. ഒന്നാം ക്ലാസ് മുതൽ സ്ഥാനവില അഭ്യസിപ്പിക്കുക. സംഖ്യാ പോക്കറ്റ്, സ്ഥാനവില കാർഡ്, അബാക്കസ് തുടങ്ങിയവ ഉപയോഗിച്ച് ക്രിയകൾ പൂർത്തിയാക്കൽ | 2 മാസം | അധ്യാപകർ രക്ഷിതാക്കൾ | |
| 4 | ഗണിതാസ്വാദനം | ഗണിത പഠനം അനായാസകരമാക്കുന്നതിന് നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ആവശ്യമായ പരിശീലനം നൽകൽ. പ്രശ്നം അപഗ്രഥനം നടത്തി നിർദ്ധാരണം ചെയ്യാൻ ദിനം ദിന ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വർക്ക്ഷീറ്റുകൾ മുഖേന നൽകിയും കുട്ടികൾ തന്നെ കണ്ടെത്തിയും ചെയ്യൽ. ക്വിസ് പസിലുകൾ, കുസൃതികണക്കുകൾ എന്നിവ കണ്ടെത്തി നിർദ്ധാരണം ചെയ്യുമ്പോൾ ഗണിതം കൂടുതൽ അനായാസകരമാകുന്നു. | 1 വർഷം | അധ്യാപകർ രക്ഷിതാക്കൾ | പി ടി എ |
| 5 | ഗണിതവിജയം ഉല്ലാസഗണിതം | ഗണിതപഠനം ഉല്ലാസ പ്രദവും കൗതുകകരവും ആകുന്നു. മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുന്നു | അധ്യയന വർഷം | അധ്യാപകർ | പി ടി എ |
| 6 | മാസ്റ്റർ മൈൻഡ് | ഗണിതത്തിൽ മികച്ച കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം ആദരിക്കൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ പി ടി എ |

# ഇംഗ്ലീഷ്

ഇന്ന് ഏറെ ചർച്ചചെയ്യുന്ന ഭാഷ ഇംഗ്ലീഷ് ആണ്. പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷിന പ്രാധാന്യം കൊടുക്കുന്നില്ല എന്നാ പരാതിയായിരുന്നു ഇന്നലെ വരെ. ഇന്ന് സ്ഥിതി മാറി. എങ്കിലും പഠനപ്രവർത്തനങ്ങളിൽ ഇംഗ്ലീഷ് മികച്ചതിയിൽ എത്തിക്കാന് കൂടുതൽ ശ്രദ്ധയും കരുതലും വേണ്ടിയിരിക്കുന്നു. ഇംഗ്ലീഷ് പഠനമാണ് ഒരു കുട്ടിയുടെ നിലവാരം അളക്കുന്നത് എന്ന മിഥ്യാധാരണ തിരുത്തേണ്ടത് അനിവാര്യമാണ്. എങ്കിലും ഇംഗ്ലീഷ് ഭാഷയ്ക്ക് അർഹമായ പരിഗണന നല്കണം.

| നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നമുക്ക് പഠിക്കാം | മക്കളെ ഇംഗ്ലീഷ് പഠനത്തില് എങ്ങനെയൊക്കെ സഹായിക്കാം എന്ന് തിരിച്ചറിയുന്നതിനും ഇംഗ്ലീഷ് ഭാഷയില് അവഗാഹം നേടുന്നതിനും അമ്മമാർക്ക് ക്ലാസ് നല്കല് | 3 മാസം | പി ടി എ | പി ടി എ |
| 2 | ഇംഗ്ലീഷ് ആദ്യം മുതല് | മിക്ക കുട്ടികളും പ്രീ പ്രൈമറിയില് വെച്ച് അക്ഷരങ്ങള് പഠിക്കുന്നുണ്ടെങ്കിലും ഭാഷ സംസാരിക്കാനോ എഴുതാനോ വിമുഖത കാണിക്കുന്നു. ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കി ഈ പ്രശ്നത്തെ അതിജീവിക്കും. | 3 മാസം | അധ്യാപകര് പി ടി എ | പി ടി എ |
| 3 | ക്ലാസ് റൂം ഇംഗ്ലീഷ് | ക്ലാസ്സ് മുറികളില് കുട്ടികള്ക്കുള്ള നിര്ദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഇംഗ്ലീഷില് നല്കുക. ആഴ്ചയില് ഒരു ദിവസമെങ്കിലും ഇംഗ്ലീഷ് ദിനമാക്കുക<br>ഇംഗ്ലീഷ് അസംബ്ലി നടത്തുക , മാസത്തില് ഒരു ബാലസഭ ഇംഗ്ലീഷില് നടത്തുക. | 3 മാസം | അധ്യാപകര് | അധ്യാപകര് |
| 4 | വായന | ഇംഗ്ലീഷ് കഥാ പുസ്തകങ്ങള് ചിത്ര കഥകള് ഇവ പ്രോത്സാഹിപ്പിക്കുക. | 6 മാസം | അധ്യാപകര് | അധ്യാപകര് |
| 5 | ലേഖനം | ഇംഗ്ലീഷ് കഥകള് , കവിതകള് ഇവയില് സ്വതന്ത്ര രചനക്ക് അവസരം നല്കും. കുട്ടികള്ക്ക് താല്പര്യം ജനിപ്പിക്കുന്ന കഥകളും പാട്ടുകളും ഐ സി ടി സാധ്യത ഉപയോഗിച്ച് കേള്ക്കാനും കാണാനും അവസരം നല്കും. ഇറ്റാലിക് എഴുത്തിന് പ്രോത്സാഹനം നല്കും, ആവശ്യമായ പരിശീലനം നല്കും. മാസിക പോസ്റ്റര് ഇവയില് പരിശീലനം | 1 വര്ഷം | അധ്യാപകര് | അധ്യാപകര് |
| 6 | ഹലോ ഇംഗ്ലീഷ് | കുട്ടികളില് ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയശേഷി വര്ധിപ്പിക്കുക ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം കൂട്ടുകയും ചെയ്യുക | അധ്യയന വര്ഷം | അധ്യാപകര് | |
| 7 | ലിറ്റില് സ്കോളര് | ഇംഗ്ലീഷ് ഭാഷയില് നിപുണരായവരെ വര്ഷാവസാനം ലിറ്റില് സ്കോളര് ആയി ആദരിക്കും | 1 വര്ഷം | അധ്യാപകര് | അധ്യാപകര് |

## നമ്മുടെ വിദ്യാലയത്തിലെ തനത് പ്രവർത്തനം

- **സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം**

കുട്ടികളെ കൃഷിയിൽ ആഭിമുഖ്യം ഉള്ളവരായി മാറ്റുന്നതിന് വേണ്ടി സ്കൂളിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ

- **നല്ല ആരോഗ്യത്തിന്**

മുഴുവൻ കുട്ടികളിലും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുന്നതിന് വേണ്ടി സൂംബ , ലഘുവ്യായാമങ്ങൾ ഏറോബിക്സ് ലഘു വർക്കൗട്ട് എന്നിവ നടപ്പാക്കുന്നു.

## നമ്മുടെ വിദ്യാലയത്തിലെ മികവ് പ്രവർത്തനം

- **മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരും ആക്കുക**
- വിജ്ഞാന കളരി
- നല്ല വായന
- കുഞ്ഞെഴുത്ത്
- എന്റെ വാർത്താബുക്ക്
- ആഭരണമണിയിക്കാം
- കയ്യെഴുത്ത് മാസിക നിർമ്മാണം
- പൂക്കൂട
- എന്റെ ഡയറിക്കുറിപ്പ്

അക്കാദമിക മാസ്റ്റർ പ്ലാൻ

ഒന്നാം തരം

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും ഇത് പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നുവെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ സമൂഹമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലേഖന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠഭാഗം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ നൽകുന്നു.
- പപ്പറ്റ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കൊച്ചു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ടീസുകൾ, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടികൾക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിറയെ എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ താളാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ പ്രോത്സാഹനം നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- [illegible]
- [illegible]
- [illegible]

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെട്ടതായി [illegible]
- കഥ വായന, നാടകവായന, വാർത്ത വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- [illegible]
- [illegible]
- പത്രവായനയ്ക്ക് അവസരം നൽകൽ.
- [illegible] കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ [illegible] എഴുത്ത് [illegible]
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് [illegible] സഹായിച്ച് [illegible] വായന നടത്തുന്നു
- ചെറുകഥകൾ പറഞ്ഞ് കുട്ടികളെ സ്വന്തം വായനക്കാരാക്കുന്നു.
- [illegible] ചിത്രങ്ങൾ പറഞ്ഞ് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- [illegible] എഴുതുന്നു.
- ക്ലാസ് പത്രം തയ്യാറാക്കുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ [illegible]
- [illegible]
- [illegible] എഴുതുന്നു.
- [illegible] നടത്തുന്നു.
- [illegible] എഴുതാൻ ശ്രമിക്കുന്നു.
- [illegible] എഴുതാനും കഴിയുന്നു.
- [illegible] ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി [illegible] പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- [illegible] ശീലിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള രചനാ ശിൽപ്പശാലകൾ നടത്തുന്നു.
- വിവിധ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, പത്ര വായന, സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനാകാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവഗാഹം നേടിയെടുക്കാനായാൽ ഗണിതം പിന്നിലേക്ക് പോകാതെ ശ്രദ്ധയോടെ മുന്നോട്ട് പോകാനായി ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കേണ്ടതാണ്.

ശേഷികൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകരം ഇട്ടും കൂട്ടിയും കുറച്ചും തിരിച്ചറിയുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എഴുതുന്നു, എണ്ണുന്നു, വായിക്കുന്നു.
- ഒന്നിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം.
- രണ്ട് ഇരട്ട സംഖ്യകളുടെ വ്യവകലനം.
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
